"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -ബേക്കറി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 208/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2456/2025/LSGD** **തീയതി, തിരുവനന്തപുരം, 08-10-2025**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.208/2005 നമ്പർ കേസിന്മേലുള്ള 18/11/2009 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി)നം.32/2019/ധന, തീയതി, 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 14/08/2025-ലെ എ3/2852/2005/ട്രിഡ നമ്പർ കത്ത്.
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/09/2025 തീയതിയിലെ DCTVM/9158/2024-K9 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ ബേക്കറി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി 2.76 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 208/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 1,28,46,994/- രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിനാല് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ബേക്കറി - പാളയം - എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2981/5, 2981/4, 2981/3, 2978/2 (എൽ.എ. റീ. സർവ്വേ നം. 2978/5, 2981/15) എന്നിവയിൽ ഉൾപ്പെട്ടതും ശ്രീ. എ. വി. ജോസ് (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ആലുക്കാസ് എന്റർപ്രൈസസ് പ്രൈ. ലി.)-ന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 2.76 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 208/2005 നമ്പർ

കേസിലെ ബാലൻസ് തുകയായ 1,28,46,994/- രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിനാല് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases (Plan-Charged)' എന്ന ശീഷകത്തിൽ നിന്നും ടി കേസിലെ കക്ഷിക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

ജില്ലാ കളക്ടർ, തിരുവനന്തപുരം.

ശ്രീ. എ. വി. ജോസ്, ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ആലുക്കാസ് എന്റർപ്രൈസസ് പ്രൈ. ലി.

(ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)

സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/84/2025/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 08-10-2025 16:09:00

സെക്ഷൻ ഓഫീസർ